**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3906** **03-03-2023 - ൽ മറുപടിയ്ക്ക്**

**അബൂബക്കർ സിദ്ദിഖ് കൊലക്കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ പരിധിയിൽ ഗുണ്ടാസംഘം തട്ടിക്കൊണ്ടുപോയി മർദിച്ച് കൊലപ്പെടുത്തിയ അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത ക്രൈം നം. 493/22 കേസ്സിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇനി ഏതൊക്കെ പ്രതികളെ അറസ്റ്റ് ചെയ്യാനുണ്ട്; വിശദാംശം അറിയിക്കാമോ; | (എ) | അബൂബക്കർ സിദ്ദിഖിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം. 493/22 U/s 341, 324, 364, 302, 120(B) 201, 212 r/w 34 IPC കേസിൽ ഉൾപ്പെട്ടിട്ടുള്ള 19 പ്രതികളിൽ 9 പ്രതികളെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിദേശത്തുള്ള കേസിലെ ഒന്നാം പ്രതി മുഹമ്മദ് റിയാസ്, രണ്ടാം പ്രതി അബ്ദുൾ ജലീൽ, മൂന്നാം പ്രതി അബൂബക്കർ സിദ്ദിഖ്, നാലാം പ്രതി കലന്തർ ഷാഫി, ഏഴാം പ്രതി മുഹമ്മദ് റസീൻ, പത്താം പ്രതി അബ്ദുൾ റസാഖ്, പതിനഞ്ചാം പ്രതി അഷറാലി, പതിനാറാം പ്രതി മുഹമ്മദ് നിയാസ്, പതിനെട്ടാം പ്രതി അഹമ്മദ് റെയ്സ്, പത്തൊമ്പതാം പ്രതി അഹമ്മദ് അബ്ബാസ് ഹംറാസ് എന്നിവരെ അറസ്റ്റ് ചെയ്യുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിൽ 6 പ്രതികൾക്കെതിരെ ലുക്ക്ഔട്ട് സർക്കുലർ (LOC) പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിച്ച 4 പ്രതികൾക്കെതിരെ ലുക്കൗട്ട് സർക്കുലർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്ത് എത്രയും വേഗം കോടതിയിൽ കുറ്റപത്രം സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉത്തരം (എ) യിൽ ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ മേഖലയിൽ കർശന നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | ഈ മേഖലയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി ക്രിമിനൽ സംഘങ്ങളിൽപ്പെട്ടവരുടെ വീടുകളിൽ പരിശോധന നടത്തിയും, ഇവരുടെ റൗഡി ഹിസ്റ്ററി ഷീറ്റ് നിരീക്ഷിച്ചും, കൂടാതെ രഹസ്യ നിരീക്ഷണങ്ങളും പോലീസ് പെട്രോളിംഗും നടത്തിയും പോലീസ് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ